(ഇ&എഫ്) പ്രസ്തുത പദ്ധതികളുടെ നവീകരണംമൂലം ഊർജ്ജ ഉൽപ്പാദനം വർദ്ധിക്കത്തക്ക രീതിയിൽ സ്ഥാപിത ശേഷിയിൽ കാര്യമായ വർദ്ധനവുണ്ടായിട്ടില്ല. നിലവിലുള്ള മെഷീനുകൾ മാറ്റി, പുതിയ കാര്യക്ഷമത കൂടിയ മെഷീനുകൾ സ്ഥാപിക്കുകയാണ് ചെയ്തത്.

(ജി) 2007 ജൂലൈ മാസത്തോടെ പൂർത്തിയാക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്.

**ജനറേറ്റർ മാറ്റി സ്ഥാപിച്ചതിലെ അഴിമതി**

**50 (941)** ശ്രീ. തോമസ് ഉണ്ണിയാടൻ :
ശ്രീ. സ്റ്റീഫൻ ജോർജ് :
ശ്രീ. മാമ്മൻ മത്തായി :
ശ്രീ. ജോസഫ് എം. പുതുശ്ശേരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മുൻസർക്കാരിന്റെ കാലത്ത് പള്ളിവാസൽ, ചെങ്കുളം, പന്നിയാർ ജലവൈദ്യുത പദ്ധതികളിലെ ജനറേറ്ററുകൾ മാറ്റി സ്ഥാപിക്കുന്നതിന് വേണ്ടി എസ്. എൻ. സി. ലാവ്‌ലിൻ എന്ന കനേഡിയൻ കമ്പനിക്ക് നൽകിയ 247 കോടി രൂപയുടെ കരാറിൽ വൻ അഴിമതിയുണ്ടായിരുന്നുവെന്ന വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പ്രസ്തുത കരാറിനെപ്പറ്റി വിജിലൻസ് അന്വേഷണത്തിന് ഉത്തരവായിട്ടുണ്ടോ ;

(സി) ഉണ്ടെങ്കിൽ പ്രസ്തുത അന്വേഷണം ഏത് ഘട്ടത്തിലാണെന്ന് അറിയിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഉണ്ട്.

(സി) 14-3-2003-ലാണ് പ്രസ്തുത അന്വേഷണത്തിന് സർക്കാർ ഉത്തരവായിട്ടുള്ളത്.

**വഞ്ചിയം മിനി ഹൈഡ്രോ ഇലക്ട്രിക് പദ്ധതി**

**51 (942)** ശ്രീ. കെ. സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കണ്ണൂർ ജില്ലയിൽ ഏതെല്ലാം മിനി ഹൈഡ്രോ ഇലക്ട്രിക് പദ്ധതികളാണ് സ്വകാര്യ മേഖലയുടെ സഹായത്തോടെ നടപ്പിലാക്കാൻ വൈദ്യുതി ബോർഡ് കണ്ടെത്തിയിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ ;

(ബി) വഞ്ചിയം മിനി ഹൈഡ്രോ ഇലക്ട്രിക് പദ്ധതിയുടെ പ്രവൃത്തി ഇപ്പോൾ ഏതു ഘട്ടത്തിലാണെന്ന് വെളിപ്പെടുത്തുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(സി) ഇതു സംബന്ധിച്ച് ഹൈക്കോടതിയിൽ ബോർഡ് സമർപ്പിച്ച അപ്പീൽ പിൻവലിച്ചോ ;

(ഡി) സ്വകാര്യ മേഖലയ്ക്ക് പദ്ധതി നടത്തുവാൻ അനുമതി നൽകാൻ തീരുമാനിച്ച സാഹചര്യത്തിൽ അപ്പീൽ തുടർന്നും നടത്തുവാനുള്ള കാരണം എന്താണെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) വഞ്ചിയം - 3 മെഗാവാട്ട് . ഇത് കൂടാതെ സ്വകാര്യ പങ്കാളിത്തത്തോടുകൂടി നടപ്പിലാക്കാൻ ഉദ്ദേശിച്ച 61 ചെറുകിട പദ്ധതികളിൽ താഴെ പറയുന്നവ കണ്ണൂർ ജില്ലയിൽ ഉൾപ്പെടുന്നവയാണ്.

| | |
|---|---|
| 1. അടയ്ക്കാത്തോട് | - 2.5 മെഗാവാട്ട് |
| 2. കൊക്കമുല്ല് | - 2.00 മെഗാവാട്ട് |
| 3. ചാത്തമല | - 1.00 മെഗാവാട്ട് |
| 4. പെരുവ | - 2.00 മെഗാവാട്ട് |
| 5. മുക്കടത്തോട് | - 3.00 മെഗാവാട്ട് |
| 6. പെരിംപാല | - 0.80 മെഗാവാട്ട് |
| 7. ഫർലോങ്കര | - 0.35 മെഗാവാട്ട് |
| 8. ഓടൻപുഴ | - 0.30 മെഗാവാട്ട് |
| 9. ഹരിതീർത്ഥങ്കര | - 0.10 മെഗാവാട്ട് |
| 10. കൈതക്കൊല്ലി ഡൈവെർഷൻ | - 10.00 മെഗാവാട്ട് |
| 11. കാഞ്ഞിരകൊച്ചി | - 5.00 മെഗാവാട്ട് |
| 12. ഉരുട്ടിപ്പുഴ | - 1.00 മെഗാവാട്ട് |
| 13. കോഴിച്ചാൽ | - 0.75 മെഗാവാട്ട് |
| 14. രണ്ടാംകടവ് | - 0.50 മെഗാവാട്ട് |

(ബി) വഞ്ചിയം പദ്ധതിയുടെ ഏകദേശം 15% സിവിൽ ജോലികൾ പൂർത്തിയായിട്ടുണ്ട്. 1998 ജൂൺ മുതൽ പണി നടക്കുന്നില്ല.

(സി) ബോർഡ് അപ്പീൽ പിൻവലിച്ചിട്ടില്ല.

(ഡി) പദ്ധതിയുടെ പണി സമയബന്ധിതമായി പുനരാരംഭിക്കാത്തതിനാൽ കമ്പനിയുമായി നിലനിന്നിരുന്ന കരാർ 5-9-1997-ൽ ബോർഡ് റദ്ദാക്കുകയുണ്ടായി. ഇതിനെതിരെ കമ്പനി ഹൈക്കോടതിയെ സമീപിക്കുകയും ബോർഡിന്റെ റദ്ദാക്കൽ ഉത്തരവിനെതിരെ വിധി സമ്പാദിക്കുകയും ചെയ്തു. ബോർഡ് ഈ കോടതി ഉത്തരവിനെതിരെ അപ്പീൽ സമർപ്പിച്ചിട്ടുണ്ട്. ബോർഡ് അപ്പീൽ പിൻവലിച്ചാലും പ്രസ്തുത കമ്പനിക്ക് പദ്ധതിയുടെ പണികൾ സമയബന്ധിതമായി പൂർത്തിയാക്കാൻ കഴിയുമോ എന്ന് ആശങ്കയുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly